സംബന്ധിച്ച് ശിൽപ്പശാലകൾ നടത്തുകയും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ മുഖേന എല്ലായിടത്തും എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ കൃഷി വകുപ്പ് മുഖേന കൃഷിക്കാരിലേക്കും എത്തിക്കുന്നു. വിത്ത്, നടീൽവസ്തുക്കൾ കേരളത്തിലുടനീളം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നു.

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് സാങ്കേതിക സൗകര്യങ്ങളുടെ വികസനത്തിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

റൈസ് ബയോപാർക്ക്

139 (1508) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ; ഇവിടങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുട്ടനാടും പാലക്കാടുമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ ആനക്കര പഞ്ചായത്തിൽ റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബയോപാർക്ക് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ, റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

കൃഷി നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

140 (1509) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുണ്ടായിരുന്ന മാനദണ്ഡത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) നടപ്പുവർഷം നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ ഓഫീസർമാർ, കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും കാരണമെന്തെന്നും അറിയിക്കുമോ ;

(ഡി) അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;എങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ജില്ല തിരിച്ച് അറിയിക്കാമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-6-2012-ലെ സ.ഉ (എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിവന്നിരുന്നത്. അതായുകാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF-ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എം.എസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവുപ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ, SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013 ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷി നാശത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് പ്രകാരം വിളകളെ ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് ധനസഹായം കണക്കാക്കുന്നത്. 33 ശതമാനമോ അതിലധികമോ വിളനാശം സംഭവിക്കുന്ന സാഹചര്യത്തിലാണ് ധനസഹായത്തിന് അർഹതയുള്ളത്.

(സി) പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി നടപ്പുവർഷം സംസ്ഥാനത്ത് ആകെ 36805 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 1571 അപേക്ഷകൾ 24-1-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 48/14/ഡിഎംഡി. ഉത്തരവിലെ മാനദണ്ഡങ്ങൾപ്രകാരം പുതുക്കിയ ക്ലെയിം നൽകുന്നതിനായി തിരികെ അയച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) 11-6-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 239/12/ഡിഎംഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിന് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	8,17,65,000
കൊല്ലം	70,751
പത്തനംതിട്ട	78,29,846
കോട്ടയം	34,18,172
ആലപ്പുഴ	9,45,00,000
ഇടുക്കി	10,36,437
എറണാകുളം	7,78,60,704
തൃശ്ശൂർ	11,92,349
പാലക്കാട്	15,97,34,935
മലപ്പുറം	6,26,10,000
കോഴിക്കോട്	5,20,58,968
വയനാട്	8,98,66,361
കണ്ണൂർ	2,50,00,000
കാസർഗോഡ്	2,23,36,525
ആകെ	67,92,80,048

LIBRARY ARCHIVES Kerala Legislative Assembly